## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4475** | **29-10-2021 - ൽ മറുപടിയ്ക്ക്**

## കരിന്തളം ഏകലവ്യ സ്പോർട്സ് മോഡൽ റസിഡൻഷ്യൽ സ്കൂൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | കരിന്തളം ഏകലവ്യ സ്പോർട്സ് മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാല താമസം നേരിടുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (എ) | കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ല. M/s WAPCOS എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനം തയ്യാറാക്കിയ 25 കോടി രൂപയുടെ ഡിറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടിന് ഭരണാനുമതി നൽകുകയും സ്കൂളിന്റെ നിർമ്മാണ ഉദ്ഘാടനം 14/02/2021 ൽ നിർവ്വഹിക്കുകയും ചെയ്തിരുന്നു. എന്നാൽ M/s WAPCOS സമർപ്പിച്ച ഡി.പി.ആർ അനുസരിച്ചുള്ള പ്രവൃത്തികൾ അതേ രൂപത്തിൽ പൂർത്തീകരിക്കുവാൻ 15 ഏക്കർ സ്ഥലം ആവശ്യമായി വരുമെന്നുള്ളതിനാൽ ലഭ്യമായ 10 ഏക്കർ സ്ഥലത്ത് നിർമ്മിതികൾ പൂർത്തീകരിക്കുന്ന രീതിയിൽ ഡിസൈൻ മാറ്റാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ഡിസൈന് സാങ്കേതിക അനുമതി ലഭ്യമായിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതാണ്. |
| (ബി) | ക്ലാസ്സുകൾ താൽകാലിക കെട്ടിടത്തിൽ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | 30 വീതം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും താമസിച്ച് പഠിക്കുന്നതിന് സ്പോർട്സ് പ്രാക്ടീസിന് കൂടി സൗകര്യം ലഭ്യമായ ചായ്യോം ഗവ.ഹയർ സെക്കണ്ടറി സ്കൂൾ ഗ്രൗണ്ട്, നീലേശ്വരം സ്റ്റേഡിയം എന്നിവയുടെ സമീപത്തെ സൗകര്യപ്രദമായ വാടകകെട്ടിടങ്ങൾ പരിശോധിച്ചിരുന്നുവെങ്കിലും ഇത്രയും പേർക്ക് താമസ സൗകര്യം, പ്രാക്ടീസ്, ക്ലാസ്സുകൾ, ഭക്ഷണം തയ്യാറാക്കാനും വിതരണം ചെയ്യാനുമുള്ള സൗകര്യം എന്നിവയുള്ള കെട്ടിടങ്ങൾ ലഭ്യമായിട്ടില്ല. സൗകര്യ പ്രദമായ കെട്ടിടങ്ങൾ കണ്ടെത്തുന്നതിനായി പരപ്പ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, സ്പോർട്സ് ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ മെന്റർ സ്കൂളായ കാസർഗോഡ് മോഡൽ റസിഡൻഷ്യൽ സ്കൂൾ സീനിയർ സൂപ്രണ്ട് എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഭക്ഷണവിതരണം, ശുചീകരണം എന്നിവ കുടുംബശ്രീയെ ഏൽപ്പിച്ച് മറ്റ് |

| | | | |
|---|---|---|---|
| | | | സൗകര്യങ്ങൾ ലഭ്യമാക്കി ക്ലാസ്സുകൾ ആരംഭിക്കുന്ന കാര്യത്തിൽ നടപടി സ്വീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. സൗകര്യപ്രദമായ വാടക കെട്ടിടങ്ങളും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള കെട്ടിടങ്ങളും പരിശോധിക്കുന്നതാണ്. സൗകര്യങ്ങൾ ലഭ്യമാക്കി അടുത്ത അദ്ധ്യയന വർഷം തന്നെ ക്ലാസ്സുകൾ ആരംഭിക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്. |
| (സി) | പ്രസ്തുത സ്കൂളിലേക്കുള്ള പ്രവേശന നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ? | (സി) | ജില്ലാതലത്തിൽ നടത്തുന്ന സെലക്ഷൻ ട്രയൽസിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്ന 30 വീതം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും 6-ാം ക്ലാസ്സിലേക്ക് പ്രവേശനം നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ